**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1506</u>** **<u>07-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>തേഞ്ഞിപ്പലം വില്ലേജ് ഓഫീസിന് ഭൂമി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പലം വില്ലേജ് ഓഫീസിന് കെട്ടിട നിർമ്മാണത്തിനായി ഭൂമി കൈമാറുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | തേഞ്ഞിപ്പലം വില്ലേജ് ഓഫീസിന് ഭൂമി അനുവദിക്കുന്നതിനായി ഉദ്ദേശിച്ചിരുന്ന പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി NHAI ക്ക് കൈമാറിയിട്ടുള്ളതിനാൽ ഉന്നത തല തീരുമാനം എടുക്കേണ്ട ആവശ്യത്തിലേക്കായി ഭൂമിയുടെ അളവ്, ടോപ്പോസ്കെച്ച് എന്നിവ അടിയന്തരമായി സമർപ്പിക്കുന്നതിന് തിരൂർ, RDO യ്ക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | തേഞ്ഞിപ്പലം വില്ലേജ് ഓഫീസ് കെട്ടിടത്തിന് സ്ഥലം അനുവദിക്കുന്നതിനായി, ടി വില്ലേജിലെ റീ. സർവ്വേ നമ്പർ. 53 ൽ ഉൾപ്പെട്ട 50 സെന്റ് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ടി ഭൂമി NHAI യ്ക്ക് കൈമാറിയിട്ടുണ്ടെന്ന് പ്രസ്തുത വകുപ്പ് അറിയിച്ചതിനാൽ, ആയത് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഉന്നത തല യോഗം ചേർന്ന് ഭൂമി റവന്യൂ വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | തേഞ്ഞിപ്പലം വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുമോ എന്ന് വിശദമാക്കാമോ? | (സി) | ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ